പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 97 — 28.11.2018 ൽ മറുപടി നൽകേണ്ടിയിരുന്നത്

## കണ്ണൂർ വിമാനത്താവളം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>,, സണ്ണി ജോസഫ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കണ്ണൂർ വിമാനത്താവളത്തിന്റെ പ്രവർത്തന നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ; ഏതൊക്കെ വിമാന കമ്പനികളാണ് സർവീസ് നടത്തുവാൻ മുന്നോട്ടുവന്നിരിക്കുന്നത്; | (എ) കണ്ണൂർ വിമാനത്താവളത്തിന്റെ പ്രവർത്തന നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്. വിമാനത്താവളം 2018 ഡിസംബർ 9 ന് ഉദ്ഘാടനം ചെയ്ത് വാണിജ്യാടിസ്ഥാനത്തിൽ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. ആദ്യ സർവ്വീസ് നടത്തുന്നത് എയർ ഇന്ത്യയാണ്. സ്പൈസ് ജെറ്റ്, ഇൻഡിഗോ, ഗോ എയർ എന്നീ വിമാനകമ്പനികളുമായി സർവ്വീസ് നടത്തുന്നതിന് ചർച്ച നടന്നുവരികയാണ്. വിദേശ വിമാനകമ്പനികളുടെ വിമാനസർവ്വീസ് ആരംഭിക്കുന്നതിന് അനുമതി നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) കണ്ണൂർ വിമാനത്താവളത്തിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഏതെല്ലാം തസ്തികകളിൽ നിയമനങ്ങൾ നടന്നു എന്ന് വ്യക്തമാക്കാമോ; | (ബി) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ താഴെപറയുന്ന തസ്തികകളിൽ നിയമനം നടന്നിട്ടുണ്ട്.<br>1. സീനിയർ മാനേജർ (ഓപ്പറേഷൻസ്)<br>2. മാനേജർ (എയർസൈഡ്/ടെർമിനൽ ഓപ്പറേഷൻ)<br>3. അസിസ്റ്റന്റ് മാനേജർ (ഓപ്പറേഷൻസ്)<br>4. ജൂനിയർ മാനേജർ (ഓപ്പറേഷൻസ്)<br>5. ചീഫ് സെക്യൂരിറ്റി ഓഫീസർ<br>6. മാനേജർ (എയർ പോർട്ട് സെക്യൂരിറ്റി)<br>7. അസിസ്റ്റന്റ് മാനേജർ (എയർപോർട്ട് സെക്യൂരിറ്റി)<br>8. ജൂനിയർ മാനേജർ (എയർപോർട്ട് സെക്യൂരിറ്റി)<br>9. അസിസ്റ്റന്റ് മാനേജർ (ഫയർ)<br>10. സൂപ്പർ വൈസർ(ഫയർ)<br>11. ജൂനിയർ എക്സിക്യൂട്ടീവ്സ്<br>12. ബാഗ്ഗേജ് സ്ക്രീനിംഗ് എക്സിക്യൂട്ടീവ്സ്<br>13. എക്സിക്യൂട്ടീവ് ഡയറക്ടർ (എൻജിനീയറിംഗ്)<br>14. അഡ്വൈസർ (ലാന്റ്)<br>15. ഫയർ & റസ്ക്യൂ ഓപ്പറേറ്റർ |

(സി) കണ്ണൂർ വിമാനത്താവളത്തിലെ ഒഴിവുകളിലേക്കുള്ള അപേക്ഷകൾ പത്രം വഴി പരസ്യപ്പെടുത്തിയ ശേഷമാണോ ക്ഷണിച്ചിരിക്കുന്നത് എന്ന് വിശദമാക്കാമോ;

(ഡി) സി.പി.എമ്മിന്റെ പ്രാദേശിക നേതാക്കളും അവരുടെ ബന്ധുക്കളും അനധികൃതമായി കണ്ണൂർ വിമാനത്താവളത്തിൽ ജോലി തരപ്പെടുത്തിയെടുത്തിട്ടുണ്ടെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

(സി) യും (ഡി) യും

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയിലേക്കുള്ള നിയമനങ്ങൾ സുതാര്യമായിട്ടാണ് നടന്നുവരുന്നത്. റിക്രൂട്ട്മെന്റ് നടപടികൾ പൂർണ്ണമായും കൈകാര്യം ചെയ്യുന്നത് സ്വതന്ത്ര റിക്രൂട്ട്മെന്റ് ഏജൻസിയായ കിറ്റ്കോ മുഖേനയാണ്. നിയമനവുമായി ബന്ധപ്പെട്ട മുഴുവൻ വിജ്ഞാപനവും പ്രധാന പത്രങ്ങളിലും, കമ്പനി വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തി എഴുത്തുപരീക്ഷ, ഇന്റർവ്യൂ എന്നിവയ്ക്ക് ശേഷമാണ് റിക്രൂട്ട്മെന്റ് നടപടികൾ നടത്തുന്നത്. ചില തസ്തികകളിൽ കായികക്ഷമതാ, പരിശോധനയും സ്കിൽ ടെസ്റ്റും നടത്താറുണ്ട്. അതുകൊണ്ട് തന്നെ അനധികൃതമായി ജോലി തരപ്പെടുത്തുവാൻ കഴിയില്ല.

എക്സിക്യൂട്ടീവ് ഡയറക്ടർ (എഞ്ചിനീയറിംഗ്) തസ്തികയിൽ എയർപോർട്ട് അതോറിറ്റിയിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ കണ്ണൂർ വിമാനത്താവളത്തിൽ മുൻപ് ജോലി ചെയ്തിരുന്ന ഉദ്യോഗസ്ഥന്റെ സേവനം വിട്ട് നൽകാൻ അഭ്യർത്ഥിച്ചിരുന്നുവെങ്കിലും എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ വിസമ്മതിക്കുകയും ആവശ്യമുള്ള പക്ഷം രാജിവച്ച് കണ്ണൂർ വിമാനത്താവളത്തിൽ ജോലി ചെയ്യാമെന്ന് അറിയിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ കിയാൽ ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി പുനർ നിയമനം നടത്തുകയുണ്ടായി.

അഡ്വൈസർ ലാന്റ് എന്ന തസ്തികയിൽ കണ്ണൂർ ജില്ലാകളക്ടർ ലഭ്യമാക്കിയ കണ്ണൂർ ജില്ലയിൽ ലാന്റ് അക്വസിഷൻ നടത്തി അനുഭവ സമ്പത്തുള്ള റിട്ട. റവന്യൂ ഉദ്യോഗസ്ഥരുടെ ലിസ്റ്റിൽ നിന്നും അഭിമുഖം നടത്തിയാണ് നിയമിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ